പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2119 — 11.02.2020 ൽ മറുപടിക്ക്

## നേത്രാരോഗ്യകേന്ദ്രങ്ങൾ ആരംഭിക്കുന്ന പദ്ധതി

| ചോദ്യം<br>ശ്രീ.പി. ഉണ്ണി | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും നേത്രാരോഗ്യകേന്ദ്രങ്ങൾ ആരംഭിക്കുന്ന പദ്ധതി നടപ്പിൽ വരുത്തുന്നതിനായി ഈ സർക്കാർ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ)<br>&<br>(ബി) | സംസ്ഥാനത്തെ എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും നേത്ര പരിശോധനയ്ക്കുള്ള ഒപ്റ്റോമെട്രിസ്റ്റ് തസ്തികയും സൗകര്യങ്ങളും നിലവിലുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ നിന്നുള്ള ഒപ്റ്റോമെട്രിസ്റ്റിന്റെ സേവനം മാസത്തിലെ നിശ്ചിത ദിവസങ്ങളിൽ ലഭ്യമാണ്. ഈ സെന്ററുകളിൽ സൗകര്യങ്ങൾ കൂടുതൽ വർദ്ധിപ്പിച്ചുകൊണ്ടുള്ള നേത്രാരോഗ്യ കേന്ദ്രങ്ങൾ (വിഷൻ സെന്ററുകൾ) 76 എണ്ണം സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ 2019-20 സാമ്പത്തിക വർഷത്തിൽ 170 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നേത്രാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങാനുള്ള ഭരണാനുമതി നൽകുകയും തുക ജില്ലകൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നേത്രാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി എന്നു മുതൽ ആരംഭിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ? | | |

Hari
സെക്ഷൻ ഓഫീസർ